"ഭരണഭാഷ – മാതൃഭാഷ"

നം: ഡി–4/71535/2013/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 06–11–2013.

## സർക്കുലർ

**വിഷയം** : പൊതുവിദ്യാഭ്യാസം - ജീവനം - ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ കോട്ടയം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് മേഖലാ ഓഫീസുകൾ രൂപീകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ പുനർ വിന്യസിക്കുന്നത് - സംബന്ധിച്ച്.

**സൂചന** :
1. 25-09-2013-ലെ സർക്കാർ ഉത്തരവ് (കൈ) നം. 257/13/പൊ.വി.വ.
2. 08-10-13-ലെ ഹയർ സെക്കന്ററി ഡയറക്ടറുടെ എഡി.എ1/48373/13/എച്ച്.എസ്.ഇ. നമ്പർ കത്ത്.
3. 23-10-13-ലെ ഹയർ സെക്കന്ററി ഡയറക്ടറുടെ അർദ്ധ ഔദ്യോഗിക കത്ത് നമ്പർ എഡി.എ1/48373/എച്ച്.എസ്.ഇ./13.

----------

സൂചന ഒന്ന് പ്രകാരം കോട്ടയം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് ഹയർ സെക്കന്ററി വിഭാഗത്തിൽ മൂന്ന് മേഖലാ ഓഫീസുകൾ അനുവദിച്ചുകൊണ്ടും പ്രസ്തുത ആഫീസുകളിലേയ്ക്ക് ആവശ്യമായ 30 ക്ലാർക്കു-മാരുടെയും 3 ഫുൾടൈം മീനിയൽമാരുടെയും തസ്തികകൾ പൊതുവിദ്യാഭ്യാസ വകുപ്പിലെ ടെക്സ്റ്റ്ബുക്ക് ഡിപ്പോകളിൽനിന്നും പുനർ വിന്യസിച്ച് നികത്തു-ന്നതിനും സർക്കാർ ഉത്തരവായി. സൂചന 2, 3 എന്നിവ പ്രകാരം സർക്കാർ അനുവദിച്ച പുതിയ മേഖലാ ഓഫീസുകൾ ഉടൻതന്നെ ആരംഭിക്കേണ്ടതായിട്ടുള്ള-തിനാൽ പുനർ വിന്യസിക്കേണ്ട 30 ക്ലർക്കുമാരുടെയും 3 ഫുൾടൈം മീനിയൽ മാരുടെയും വിശദാംശങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ ഹയർ സെക്കന്ററി ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി. മേൽ സാഹചര്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ ടെസ്റ്റ്ബുക്ക് വിഭാഗത്തിൽ ജോലി ചെയ്യുന്ന ക്ലാർക്ക്, ഫുൾടൈം മീനിയൽമാർ എന്നിവരിൽനിന്നും പുനർ വിന്യാസം വഴി ഹയർ സെക്കന്ററി മേഖലാ ഓഫീസുകളിൽ നിയമിക്കപ്പെടുന്നതിനായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രഫോർമയിൽ ഓപ്ഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ഇപ്രകാരം ഓപ്ഷൻ നൽകുന്ന ജീവനക്കാർക്ക് ഹയർ സെക്കന്ററി വകുപ്പിലെ നിലവിലുള്ള മറ്റ് ഓഫീസുകളിൽ ജോലി ചെയ്യുന്നതിന് താല്പര്യമുള്ളപക്ഷം ആയത് പരിഗണിക്കുന്നതാണെന്ന് ഹയർ സെക്കന്ററി ഡയറക്ടർ സൂചന രണ്ട് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട പ്രൊഫോർമയിലുള്ള ഓപ്ഷനുകൾ 16-11-2013-ാം തീയതി 5 മണിക്ക് മുമ്പായി dpidsection@gmail.com എന്ന ഇ-മെയിൽ അഡ്രസ്സി ലേയ്ക്ക് മെയിൽ ചെയ്ത് തരേണ്ടതും ഓപ്ഷനുകളുടെ ഹാർഡ് കോപ്പി സൂപ്രണ്ട്, 'ഡി' സെക്ഷൻ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,

തിരുവനന്തപുരം-14 എന്ന മേൽവിലാസത്തിൽ 20-11-13-ാം തീയതി വൈകുന്നേരം അഞ്ചു മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതുമാണ്. നിർദ്ദിഷ്ട തസ്തികകൾക്ക് ആവശ്യമായ ഓപ്ഷനുകൾ ലഭിക്കാതെ വരുന്നപക്ഷം മറ്റൊരു അറിയിപ്പുകൂടാതെ ടെസ്റ്റ്ബുക്ക് വിഭാഗത്തിലെ ജീവനക്കാരെ പുനർ വിന്യസിക്കുന്നതാണ്.

(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)

(ഒപ്പ്)
എ. റംലാബീവി,
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

//അംഗീകാരത്തോടെ//

സൂപ്രണ്ട്

പകർപ്പ് :
1. ടെസ്റ്റ്ബുക്ക് ഓഫീസർ, തിരുവനന്തപുരം.
2. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ/ ജില്ലാവിദ്യാഭ്യാസ ഓഫീസർ മാർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ.
3. ടെസ്റ്റ്ബുക്ക് ഡിപ്പോകൾ.
4. ജോയിന്റ് കമ്മീഷണർ, പരീക്ഷാഭവൻ, തിരുവനന്തപുരം.
5. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർ.
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@സ്കൂൾ പ്രോജക്റ്റ്, തിരുവനന്തപുരം.

പി.എസ്. 05-11-13

# പ്രഫോർമ

(ഹയർ സെക്കന്ററി ഓഫീസുകളിൽ പുനർവിന്യാസം വഴി നിയമിക്കപ്പെടുന്നതിനുള്ള ഓപ്ഷൻ ഫോം)

| | | |
|---|---|---|
| 1 | പേര് | |
| 2 | ഉദ്യോഗ പേര് | |
| 3 | ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസ് | |
| 4 | ജനന തീയതി | |
| 5 | ജോലിയിൽ പ്രവേശിച്ച തീയതി | |
| 6 | സീനിയോറിറ്റി നമ്പർ (എൽ.ഡി./ യു.ഡി.) | |
| 7 | പ്രമോഷൻ ലഭിച്ച ഉത്തരവ് നമ്പറും തീയതിയും | |
| 8 | പുനർ വിന്യാസം വഴി നിയമിക്കപ്പെടേണ്ട ഹയർ സെക്കന്ററി ഓഫീസുകളുടെ പേര് വിവരം. (മുൻഗണനാക്രമത്തിൽ)<br>a)<br>b)<br>c)<br>d)<br>e) | |
| 9 | ഒപ്പ് | |
| 10 | തീയതി | |
| 11 | മേലധികാരിയുടെ ഒപ്പും, പേരും, സ്ഥാനപ്പേരും, ഓഫീസ് മുദ്രയും. | |